# അങ്ങാടിപത്രം

**നമ്മുടെ നാടിന്റെ വാർത്താജാലകം**

മെയ് 03 തിങ്കൾ 2021

Volume: 1, Issue:5

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


## കോവിഡ്: അതിതീവ്രം അതിരൂക്ഷം

**ക്രിസ്റ്റീൻ ലൂയിസ്**

അങ്ങാടിക്കടവ് മേഖലയിൽ കോവിഡ് 19 വ്യാപനം അതിതീവ്രമാകുന്നു. 25 ശതമാനത്തോളം ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കാണുള്ളത്. കോവിഡ് വ്യാപനം തടയുന്നതിനായി അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേലിന്റെ അധ്യക്ഷതയിൽ പഞ്ചായത്ത് അംഗങ്ങൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, പോലീസ്, ആരോഗ്യപ്രവർത്തകർ സന്നദ്ധപ്രവർത്തകർ തുടങ്ങിയവരുടെ സാന്നിധ്യത്തിൽ യോഗം കൂടി വേണ്ട മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്.

ലോക്ക്ഡൗൺ പ്രഖ്യാപിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളതെങ്കിലും സാധാരണക്കാരന്റെ ജനജീവിതത്തെ കാര്യമായി ബാധിക്കുമെന്നതിനാലാണ് അതിനു മുതിരാത്തതെന്നും ഇനിയും പോസിറ്റിവിറ്റി നിരക്കുയരുകയാണെങ്കിൽ അവസാന പോംവഴി എന്ന നിലയിൽ പഞ്ചായത്ത് അടച്ചിടാൻ തീരുമാനമെടുക്കുമെന്ന് പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു.

രോഗവ്യാപനത്തിന് കാരണമായി നല്ല രീതിയിൽ തന്നെ ഈ മേഖലയിൽ സമ്പർക്കം ഉണ്ടായിട്ടുണ്ടെന്നും അങ്ങാടിക്കടവ് പ്രാഥമിക ആരോഗ്യ കേന്ദ്രം ഹെൽത്ത് ഇൻസ്പെക്ടർ രാജേഷ് വി. വി. പറഞ്ഞു. അതിതീവ്രമായ വ്യാപനാവസ്ഥയാണെങ്കിൽ പോലും 50 വയസ്സിന് മുകളിലുള്ളവരിൽ പലരും ഇനിയും പ്രഥമ ഡോസ് വാക്സിനേഷൻ നടത്തിയിട്ടില്ല. പ്രത്യേക സൈറ്റ് വഴി രജിസ്റ്റർ ചെയ്താൽ മാത്രമേ വാക്സിനേഷൻ നടത്താൻ പറ്റൂ എന്നുള്ളത് പലപ്പോഴും പ്രായമായവരുടെ കാര്യത്തിൽ തടസ്സമാകുന്നുവെന്ന് പാപ്പച്ചൻ അഭിപ്രായപ്പെട്ടു. വാക്സിനേഷനു ശേഷം എന്തു സംഭവിക്കുമെന്ന ആശങ്കയും, സാധാരണ ജനങ്ങൾക്ക് വേണ്ട രീതിയിൽ ബോധവൽക്കരണം ലഭിക്കാത്തതും ഒരു പരിധിവരെ വാക്സിനേഷൻ നടത്തുന്നതിൽ നിന്നും പ്രായമായവരെ പിറകോട്ട് വലിക്കുന്നുവെന്ന അഭിപ്രായമാണ് മാത്യുവിനുള്ളത്.

രണ്ടാം ഡോസ് വാക്സിനേഷൻ നടത്തേണ്ട താനടക്കമുള്ള പലർക്കും വാക്സിൻ ദൗർലഭ്യം കാരണം വാക്സിൻ എടുക്കാൻ കഴിഞ്ഞിട്ടില്ലെന്ന് പ്രദേശവാസിയായ മോഹനൻ പറഞ്ഞു. ഇതുവരെ 1800 ഓളം പേരാണ് ഇവിടെ വാക്സിനേഷൻ ചെയ്തത്. വാക്സിൻ വരുന്നതനുസരിച്ച് 80 ശതമാനം സെക്കൻഡ് ഡോസും ബാക്കി 20 ശതമാനം പ്രഥമ ഡോസുമായാണ് നല്കുന്നതെന്നും ഹെൽത്ത് ഇൻസ്പെക്ടർ അറിയിച്ചു. വാക്സിന്റെ ലഭ്യത കുറവ് വാക്സിനേഷന്റെ സുഖമമായ നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ ശോചനീയാവസ്ഥയും സ്ഥലപരിമിതിയും വാക്സിനേഷൻ സമയങ്ങളിലും മറ്റും ബുദ്ധിമുട്ടുണ്ടാക്കുന്നതാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ഓരോ വാർഡിലെയും മെമ്പർമാർ, വാർഡിലെ ആശാ വർക്കർമാർ, അംഗൻവാടി ടീച്ചർമാർ, വാർഡുമായി ബന്ധപ്പെട്ട ജെഎച്ച്ഐ, സന്നദ്ധപ്രവർത്തകർ, ഒരു സർക്കാർ ജീവനക്കാരൻ എന്നിവർ ചേർന്ന് വാർഡ് തല ജാഗ്രതാ സമിതിയുടെ (റാപ്പിഡ് റെസ്പോൺസ് ടീം - ആർ ആർ ടി) പ്രവർത്തനങ്ങൾ സജീവമാക്കാൻ നിർദ്ദേശിച്ചു. അതോടൊപ്പം ഡൊമസ്റ്റിക് കെയർ സെന്ററുകളുടെ പ്രവർത്തനം ആരംഭിക്കുവാൻ തീരുമാനിച്ചു. കോവിഡ് രോഗികൾക്ക് വീടുകളിൽ മരുന്ന് എത്തിച്ചു കൊടുക്കുവാനുള്ള വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുപരിപാടികൾ, ആഘോഷങ്ങൾ എന്നിവയ്ക്ക് പുതിയതായി അനുമതി കൊടുക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

അയ്യൻകുന്ന് പഞ്ചായത്തിന്റെ കോവിഡ് കൺട്രോൾറൂം, കോവിഡ് കോൾ സെന്ററുകൾ അങ്ങാടിക്കടവ് പഞ്ചായത്ത് ഓഫീസിലും കരിക്കോട്ടക്കരിയിലും തുടങ്ങുവാൻ തീരുമാനിച്ചെന്നും പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു.



മിനി ലോക്ക്ഡൗണിൽ വിജനമായ അങ്ങാടിക്കടവ് ടൗൺ

| അങ്ങാടിക്കടവ് | കൺട്രോൾറൂം നമ്പറുകൾ | കരിക്കോട്ടക്കരി |
|---|---|---|
| 8281683102, 8289955725 | | 859088701, 9446277258 |

## രണ്ടാം കോവിഡ് വ്യാപനം; പ്രതിസന്ധിയിലായി ഓട്ടോറിക്ഷ ജീവനക്കാർ

**അഭിരാം കെ.**

അങ്ങാടിക്കടവ്: കോവിഡ് കേസുകൾ ദിനംപ്രതി കുതിച്ചുയരുന്നത് ഓട്ടോറിക്ഷാ ജീവനക്കാരുടെ ഉപജീവനം പ്രതിസന്ധിയിലാക്കിയിരിക്കുന്നു. ഓട്ടോറിക്ഷയെ ജീവനോപാധിയായി ആശ്രയിക്കുന്നവർക്ക് കോവിഡിന്റെ രണ്ടാം വ്യാപനം വലിയൊരു വെല്ലുവിളിയായി മാറിയിരിക്കുകയാണ്.

പൊതുഗതാഗതം ആശ്രയിക്കുന്ന ജനങ്ങളുടെ കാര്യത്തിലും ഗണ്യമായ കുറവ് വന്നിരിക്കുന്നു. ഇരുപത്തിയഞ്ചോളം ഓട്ടോറിക്ഷകൾ സർവീസ് നടത്തിയിരുന്ന അങ്ങാടിക്കടവ് ഓട്ടോസ്റ്റാൻഡിൽ ഇപ്പോൾ കൃത്യമായി സർവീസ് നടത്തുന്നത് പതിനഞ്ചോളം ഓട്ടോറിക്ഷകൾ മാത്രം. കോവിഡ് കാലത്തിനു മുമ്പ് വൈകിട്ട് 9:30 വരെയെങ്കിലും ഓട്ടോറിക്ഷകൾ സർവീസ് നടത്താറുണ്ടായിരുന്നു. ഇപ്പോൾ രാത്രി 7 മണി വരെ മാത്രമാണ് സർവീസ് നടത്താൻ അനുവാദം ലഭിക്കുന്നത്.

"ആശുപത്രിയിലും പഞ്ചായത്ത് ഓഫീസിലും വില്ലേജ് ഓഫീസിലേക്കും മറ്റും പോകാനായി സാധാരണക്കാർ ഓട്ടോറിക്ഷകളെ ആശ്രയിച്ചിരുന്നു. പക്ഷേ ഇപ്പോഴത്തെ സ്ഥിതി മാറിയിരിക്കുകയാണ്. സ്വന്തമായി ഒരു സ്കൂട്ടർ എങ്കിലും ഇല്ലാത്ത വീടുകൾ വളരെ കുറവാണ്. അതുകൊണ്ടുതന്നെ ചെറിയ ആവശ്യങ്ങൾക്ക് ഓട്ടോറിക്ഷയെ ജനങ്ങൾ ആശ്രയിക്കുന്നത് കുറഞ്ഞിരിക്കുന്നു. കൂടാതെ കോവിഡ് ഉണ്ടാക്കിയ ഭയവും ജനങ്ങളെ ഓട്ടോറിക്ഷയിൽ കയറുന്നതിൽ നിന്ന് പിന്തിരിപ്പിക്കുന്നുണ്ട്". എന്ന് ഓട്ടോറിക്ഷ ജീവനക്കാർ പറയുന്നു.

കൃത്യമായി ഒരു ഓട്ടോസ്റ്റാൻഡോ അടിസ്ഥാന സൗകര്യങ്ങളോ ഇല്ലെന്നതും ഓട്ടോ തൊഴിലാളികൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. റോഡിന്റെ ഒരു വശത്തായാണ് ഓട്ടോറിക്ഷകൾ നിർത്തിയിട്ടിരിക്കുന്നത്. മഴക്കാലത്ത് റോഡിലേക്ക് വെള്ളം കയറുന്നത് ഓട്ടോറിക്ഷ ജീവനക്കാർക്കും പൊതുജനങ്ങൾക്കും ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. റോഡിന്റെ വീതി കൂടുന്നതിനനുസരിച്ച് ഓട്ടോറിക്ഷകൾ നിർത്തിയിടാനുള്ള സൗകര്യം വർദ്ധിക്കുമെന്നാണ് പഞ്ചായത്ത് അധികൃതർ അറിയിക്കുന്നത്. എങ്കിലും അത് എത്രത്തോളം നടപ്പിലാകുമെന്ന കാര്യത്തിൽ ആശങ്കയുണ്ടെന്ന് ഓട്ടോഡ്രൈവർമാർ അഭിപ്രായപ്പെട്ടു.

"മുൻകാലങ്ങളിൽ ലഭിക്കുന്ന വരുമാനത്തിന്റെ പകുതി മാത്രമാണ് ഇപ്പോൾ ലഭിക്കുന്നത്. അതിൽ പകുതിയോളം രൂപ ഓട്ടോറിക്ഷയുടെ അറ്റകുറ്റപണികൾക്കും മറ്റ് അടവുകൾക്കുമായി ചിലവാകുന്നു. കുതിച്ചുയരുന്ന ഇന്ധനവിലയും ഏറെ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. ഇന്ധന വിലയിലുണ്ടാകുന്ന മാറ്റം ഓട്ടോ ചാർജിൽ വരുന്നില്ല. 2018 ലാണ് ഓട്ടോ ചാർജ് അവസാനമായി വർധിപ്പിച്ചത് കരാറനുസരിച്ച് അഞ്ചു വർഷത്തിനു ശേഷം മാത്രമാണ് ഇനിയൊരു വർദ്ധന ഉണ്ടാകുന്നത്" എന്ന് ഓട്ടോ ജീവനക്കാർ പറഞ്ഞു.

കഴിഞ്ഞ ലോക്ക്ഡൗൺ കാലത്ത് വരുമാനം നിലച്ച ഓട്ടോ ജീവനക്കാർക്ക് പലരുടെയും സഹായം കൊണ്ടാണ് ആ പ്രതിസന്ധി അതിജീവിച്ച് മുന്നോട്ടു പോകാൻ സാധിച്ചത്. കോവിഡ് രൂക്ഷമായി പടരുന്ന സാഹചര്യത്തിൽ വീണ്ടും ഒരു ലോക്ക്ഡൗൺ വരുമോ എന്ന് ആശങ്കയിലാണ് ഓട്ടോറിക്ഷ ജീവനക്കാർ.



ഊഴവും കാത്ത്: അങ്ങാടിക്കടവ് സ്റ്റാൻഡിലെ ഓട്ടോറിക്ഷകൾ

## പണി തീരാതെ ഏഴാം കടവ് പാലം

**നീതു തങ്കച്ചൻ**

ഉരുപ്പുംകുറ്റി: മൂന്നുവർഷം മുൻപേ പണി ആരംഭിച്ച ഉരുപ്പുംകുറ്റി ഏഴാം കടവ് പാലത്തിന്റെ നിർമ്മാണം മന്ദഗതിയിൽ. 11 മീറ്റർ നീളത്തിലും 5 മീറ്റർ വീതിയിലും പണിയുന്ന പാലത്തിന് എംഎൽഎ ഫണ്ടിൽ നിന്നും 45 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. യാത്രാക്ലേശം അനുഭവിച്ചുകൊണ്ടിരുന്ന ഏഴാംകടവ് നിവാസികൾക്ക് പാലത്തിന്റെ വരവോടെ ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുമെന്ന് കരുതിയെങ്കിലും നിർമ്മാണം വൈകുന്നത് ഇവരുടെ പ്രതീക്ഷകൾക്ക് മങ്ങലേൽപ്പിച്ചിരിക്കുകയാണ്.

"പാലത്തിന്റെ വാർക്കയ്ക്കായി സ്ഥാപിച്ചിരിക്കുന്ന മുട്ടുകൾ പുഴയിലെ ഉരുളൻ കല്ലുകളുടെ മീതെയാണ് കുത്തി നിർത്തിയിരിക്കുന്നത്. വേനൽമഴ വർദ്ധിച്ചതോടെ പുഴയിലെ ജലനിരപ്പ് വർധിക്കുന്നുണ്ട്. നീരൊഴുക്ക് ഇനിയും വർധിച്ചാൽ വാർപ്പിനായി സ്ഥാപിച്ചിരിക്കുന്ന മുട്ടുകൾ ഒഴുകി പോകുവാനിടയുണ്ട്." പ്രദേശവാസിയായ തോമാച്ചൻ മുയ്യപ്പള്ളിൽ പറയുന്നു.

ഫണ്ടുണ്ടായിട്ടും കോൺട്രാക്ടറുടെ അലംഭാവം നിമിത്തമാണ് നിർമ്മാണം വൈകുന്നതെന്നാണ് പ്രദേശവാസികൾ പറയുന്നത്. ഇനിയും പാലത്തിന്റെ പണിപൂർത്തിയായില്ലെങ്കിൽ പ്രദേശവാസികൾ ദുരിതത്തിലാവും.

ഏഴാംകടവ് പ്രദേശത്തെ താമസക്കാർ പലരും യാത്രാ ക്ലേശവും കുട്ടികളെ സ്കൂളിൽ അയക്കുന്നതിനുള്ള ബുദ്ധിമുട്ടും നിമിത്തം വീടും സ്ഥലവും വിട്ട് ദൂരെ സ്ഥലങ്ങളിൽ വാടകയ്ക്ക് താമസിക്കുകയാണ്. പാലത്തിന്റെ നിർമ്മാണം പൂർത്തിയായാൽ തിരിച്ചു വരവിനായി കാത്തിരിക്കുന്നവരും കുറവല്ല.

മഴ കനക്കുമ്പോൾ കുത്തിയൊഴുകുന്ന പുഴയിൽ പാലം ഒഴുകിപ്പോകുന്ന സാഹചര്യമാണുള്ളത്. മഴക്കാലത്ത് ആശുപത്രിയിലും സ്കൂളിലും പോകുന്നതിനും വളരെ ബുദ്ധിമുട്ടാണ്. അതിനാൽ പാലം ഏഴാംകടവ് നിവാസികളെ സംബന്ധിച്ചിടത്തോളം അനിവാര്യഘടകമാണ്. ഇടവക വികാരി ഫാ. മാത്യു വലിയപറമ്പിൽ അഭിപ്രായപ്പെട്ടു.

മഴ കനക്കുന്നതിനു മുൻപ് നിർമാണ പ്രവർത്തികൾ പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ അധികൃതർ സ്വീകരിക്കണം എന്നതാണ് നാട്ടുകാരുടെ ആവശ്യം.



നിർമ്മാണ പ്രവൃത്തികൾ പാതി വഴിയിൽ നിലച്ച ഏഴാംകടവ് പാലം.

## എഡിറ്റോറിയൽ

# രണ്ടാംതരംഗത്തിനെതിരെ ഇരട്ട മതിലുകൾ

രണ്ടാം തരംഗത്തിൽ കോവിഡ് രാജ്യത്ത് ആഞ്ഞടിക്കുമ്പോൾ രോഗപ്പകർച്ചയും മരണവും ഭീതിദമായി വർധിക്കുകയാണ്. രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാകുമ്പോഴും ജനങ്ങൾക്കിടയിൽ പലവിധ തെറ്റിദ്ധാരണകളും അവബോധമില്ലായ്മയും നിലനിൽക്കുന്നുണ്ട്. കൃത്യമായ നടപടിക്രമങ്ങളിലൂടെ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ സാധ്യമാണ്.ഇക്കാര്യത്തിൽ ആശങ്കയല്ല ഗൗരവത്തോടെയുള്ള പെരുമാറ്റമാണ് ആവശ്യം.

കോവിഡിനെ പ്രതിരോധിക്കാൻ സാധിക്കുന്ന ഏറ്റവും നല്ല മാർഗങ്ങളിലൊന്നാണ് കൃത്യമായി മാസ്ക്കുകൾ ധരിക്കുക എന്നത്. എന്നാൽ ജനങ്ങൾ ഭൂരിഭാഗവും ശരിയായ രീതിയിൽ മാസ്ക്കുകൾ ധരിക്കുന്നില്ല. നമ്മുടെ നാട്ടിലെ സ്ഥിതിയും വ്യത്യസ്തമല്ല. ആളുകൾ പലരും സംസാരത്തിനിടയിൽ വായുടെ താഴേക്ക് മാസ്ക്കുകൾ താഴ്ത്തി വച്ചാണ് സംസാരിക്കുന്നത്. കോവിഡിന്റെ രണ്ടാംതരംഗത്തിൽ ഇരട്ട മാസ്ക്കുകൾ ധരിക്കുന്നത് പ്രോത്സാഹിപ്പിക്കണമെന്നാണ് ആരോഗ്യ വിദഗ്ധരുടെ അഭിപ്രായം. മാരകമായ രോഗത്തിനെതിരെ ശക്തമായ പ്രതിരോധം തീർക്കാൻ ഇരട്ട മാസ്ക്കുകൾക്ക് കഴിയുമെന്നാണ് പഠനം. തദവസരത്തിലാണ് ചില ആളുകളുടെ നിസ്സഹരണ മനോഭാവം.

സർജിക്കൽ മാസ്കും അതിനുമുകളിൽ ഒരു തുണി മാസ്ക്കും ധരിക്കുന്നതിനാണ് ഇരട്ട മാസ്ക്കിംങ് എന്നു പറയുന്നത്. ഇരട്ട മാസ്ക്കുകൾക്ക് വൈറസ് വ്യാപനത്തെ വൻതോതിൽ നിയന്ത്രിക്കാൻ സാധിക്കും. ശരിയായ സാമൂഹിക അകലം സൃഷ്ടിക്കുക എന്നത് മറ്റൊരു പ്രതിരോധ മാർഗമാണ്. എന്നാൽ ജനങ്ങൾ കൃത്യമായ അകലം പാലിക്കുന്നില്ല എന്നതും വ്യാപനത്തിന്റെ തോതിനെ കൂട്ടുന്നതിന് കാരണമാകുന്നു. ഒരു മീറ്റർ അകലത്തിൽ നിന്നും രണ്ടു മീറ്റർ അകലം പാലിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്.

രാജ്യത്തെ 75 ശതമാനം ജനങ്ങളെങ്കിലും വാക്സിനേഷൻ നടത്തിയെങ്കിലേ കോവിഡിനെ ഫലപ്രദമായി പ്രതിരോധിക്കാൻ കഴിയുകയുള്ളൂ. എന്നാൽ വാക്സൻ സ്വീകരിക്കുന്നതിൽ ജനങ്ങൾ വിമുഖത കാണിക്കുകയാണ്. വാക്സിൻ സ്വീകരിക്കുമ്പോൾ വിപരീതഫലങ്ങൾ ഉണ്ടാകുമെന്ന തെറ്റിദ്ധാരണയിലാണ് പലരും വാക്സിൻ എടുക്കാത്തത്. അങ്ങാടിക്കടവിൽ പ്രത്യേകിച്ചും ഈന്തുംകരി പോലുള്ള കോളനി പ്രദേശങ്ങളിൽ വാക്സിനേഷൻ എടുക്കുന്നവരുടെ എണ്ണം കുറവാണ്. അതുകൊണ്ടുതന്നെ വാക്സിനേഷന്റെ ബോധവൽക്കരണം അത്യാവശ്യമാണ്. അതിനായി ആരോഗ്യവകുപ്പും പഞ്ചായത്തും വേണ്ട നടപടികൾ സ്വീകരിക്കണം. ഇരട്ട മാസ്ക്കുകൾ ഉപയോഗിച്ചുകൊണ്ടും ശരിയായ സാമൂഹിക അകലം പാലിച്ചുകൊണ്ടും കൃത്യമായി വാക്സിൻ സ്വീകരിക്കുന്നതിലൂടെയുമാണ് ഈ രണ്ടാം തരംഗത്തെ നേരിടാൻ സാധിക്കുകയുള്ളൂ. അതിനായി ജനങ്ങൾ ജാഗ്രത പാലിച്ചേ മതിയാവൂ.

**എഡിറ്റർ**

# ദേ ഇവിടെ ഒരു ഗ്രന്ഥശാല ഉണ്ടേ...

ഡെൽന ഡേവിസ്

അങ്ങാടിക്കടവിൽ വായനയുടെ വസന്തം വിരിയിച്ച് നാടിന്റെ വിരസത മാറ്റിയ ഒരു ഗ്രന്ഥശാലയുണ്ട്, 'തോട്ടത്തിൽ ജോർജ്ക്കുട്ടി സ്മാരക ഗ്രന്ഥശാല'. മലയോര




മേഖലയ്ക്ക് അറിവിന്റെ വെളിച്ചം സമ്മാനിച്ച, അനേകം വിജ്ഞാനികളെ വാർത്തെടുത്ത, നാടിന്റെ അഭിമാനമായ സ്വന്തം ഗ്രന്ഥശാല. എന്നാൽ ഇന്ന് ഗ്രന്ഥശാലയിൽ എത്തുന്നവരുടെ എണ്ണം കുറഞ്ഞിരിക്കുന്നു.എല്ലാ ദിവസവും പത്രവും മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങളും വായിക്കാനുള്ള അവസരമുണ്ട്. ആഴ്ചയിൽ ബുധൻ, ഞായർ ദിവസങ്ങളിൽ മാത്രമാണ് പുസ്തക വിതരണം നടത്തുന്നത്. 36 വർഷത്തെ പ്രവർത്തനം പൂർത്തിയാക്കിയ ഈ ഗ്രന്ഥശാല നാടിനു വെളിച്ചമേകികൊണ്ടിരിക്കുകയാണ്.

"പുസ്തകവായന പണ്ടത്തെ അപേക്ഷിച്ച് കുറവാണ്. എല്ലാ ദിവസവും ഗ്രന്ഥശാല തുറന്നാലും പണ്ടത്തെപ്പോലെ ആളുകളെത്തുന്നില്ല. അതുകൊണ്ടാണ് പുസ്തക വിതരണം ആഴ്ചയിൽ രണ്ട് ദിവസമാക്കിയത്. മുൻപത്തെ കാലത്തെ വെച്ചുനോക്കുമ്പോൾ വായന എന്ന ശീലം ഇല്ലാതായിരിക്കുന്നു. സോഷ്യൽ മീഡിയ ഉപയോഗിക്കുന്നവരുടെ എണ്ണം കൂടിയതുകൊണ്ടാവാം. എങ്കിലും വായനയെ സ്നേഹിക്കുന്നവരുണ്ട്. ലൈബ്രയിൽനിന്നും 3 പത്രങ്ങളും 9 ആനുകാലിക മാസികകളും വായിക്കാനുള്ള സൗകര്യമുണ്ട്. ഇപ്പോൾ 4000 ത്തോളം പുസ്തകങ്ങൾ ഇവിടെയുണ്ട്" പ്രസിഡണ്ട് കൂടിയായ ബാബു നടയത്ത് പറഞ്ഞു.

അങ്ങാടിക്കടവ് മുൻ മെമ്പർ, പരേതനായ കുറ്റാരപ്പള്ളിൽ മത്തായി സാർ സംഭാവന നൽകിയ സ്ഥലത്ത് 1985 ഒക്ടോബർ 31 നാണ് ഗ്രന്ഥശാല പ്രവർത്തനമാരംഭിക്കുന്നത്. 1982 ലെ തെരഞ്ഞെടുപ്പ് പ്രചാരണ സമയത്ത് കേരള കോൺഗ്രസ് പ്രവർത്തകനായ ജോർജുകുട്ടി തോട്ടത്തിൽ വാഹനാപകടത്തിൽ മരണപ്പെട്ടു. അദ്ദേഹത്തിന്റെ സ്മരണാർത്ഥമാണ് കേരള കോൺഗ്രസ് അംഗങ്ങൾ ഈ ഗ്രന്ഥശാല നിർമ്മിച്ചത്. 1988 ലൈബ്രറി കൗൺസിൽ രജിസ്ട്രേഷൻ ലഭിച്ച ഈ ഗ്രന്ഥശാലയുടെ ആദ്യത്തെ മെമ്പർ കെ വി മത്തായി സാർ തന്നെയാണ്. കേരള ഗ്രന്ഥശാല സംഘത്തിന്റെ അഫിലിയേഷനുള്ള അയ്യൻകുന്ന് പഞ്ചായത്തിലെ രണ്ട് ഗ്രന്ഥശാലകകളിലൊന്നാണിത്.

നിലവിൽ 13 അംഗ കമ്മിറ്റിക്ക് കീഴിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലയിലിപ്പോൾ 112 മെമ്പർമാരുണ്ട്. ഇപ്പോൾ 4000 ത്തോളം പുസ്തകങ്ങൾ ഇവിടെയുണ്ട്.

"1996 ജനകീയാസൂത്രണ പദ്ധതി പ്രകാരം ഗ്രന്ഥശാലയിൽ ടിവി സ്ഥാപിച്ചിരുന്നു. ടിവി കാണുന്നതിനും പത്രമാസികകൾ വായിക്കുന്നതിനുമായി ഒരുപാട് ആളുകൾ ഇവിടെ എത്തിയിരുന്നു. പിന്നീട് ടിവി കേടായി. കൂടാതെ എല്ലാവരുടെ വീട്ടിലും ടിവിയുള്ളതിനാൽ ടിവി കാണാൻ വരുന്നവരുടെ എണ്ണം കുറഞ്ഞു. അതിനാൽ നന്നാക്കാനുള്ള ശ്രമം നടത്തിയില്ല." ലൈബ്രേറിയൻ ആന്റണി കണ്ണംകുളം അഭിപ്രായപ്പെട്ടു.

"കുറച്ചുകാലം ലൈബ്രറി അടഞ്ഞു കിടക്കുകയായിരുന്നു. ലൈബ്രറി സജീവമായിട്ട് ഏകദേശം അഞ്ച് വർഷമായി. പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി നടക്കുന്നുണ്ട്. ചെറുകഥ, നോവൽ, നാടകങ്ങൾ, എന്നിങ്ങനെ വിവിധ പുസ്തകങ്ങൾ ലൈബ്രറിയിൽ നിന്നും ലഭ്യമാണ്. ഇരുന്നു വായിക്കുന്നതിനുള്ള സൗകര്യങ്ങൾ കുറവാണ് എന്നതാണൊരു പ്രശ്നം." ലൈബ്രറി മെമ്പർ ജോർജ് ആനിക്കാട്ടിൽ പറഞ്ഞു.

# രക്തദാനം മഹാദാനം

തോവിത്തോ പോജി

അങ്ങാടിക്കടവ് ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജിലെ എൻഎസ്എസ് വിഭാഗത്തിലെ അംഗങ്ങൾ രക്തം ദാനം ചെയ്ത മാതൃകയായി. ഏപ്രിൽ 26 നാണ് എൻഎസ്എസ് കോഡിനേറ്റർ നിതിൻ കുട്ടൻ പി കെയുടെ നേതൃത്വത്തിൽ രക്തദാനക്യാമ്പ് ആരംഭിച്ചത്. മെയ് 26 വരെ ഇത് തുടരും. എൻഎസ്എസ് അംഗങ്ങളായ വിദ്യാർത്ഥികൾ എല്ലാ വർഷവും ജൂൺ, ഡിസംബർ മാസങ്ങളിൽ രക്തദാനം നടത്താറുണ്ട്. എന്നാൽ കോവിഡ് വാക്സിൻ സ്വീകരിച്ചതിനുശേഷം 28 ദിവസങ്ങൾ കഴിഞ്ഞേ രക്തദാനം നടത്താൻ സാധിക്കുകയുള്ളൂ. 18 വയസ്സിനു





മുകളിലുള്ളവർക്കുള്ള കോവിഡ് വാക്സിൻ കുത്തിവെപ്പ് ആരംഭിക്കാൻ പോകുന്നതുകൊണ്ടാണ് ഈ വർഷം രക്തദാന ക്യാമ്പ് നേരത്തെ നടത്തിയത്.

മറ്റുള്ള കോളേജിലെ വിദ്യാർഥികളുടെ പങ്കാളിത്തം കൂടി ഈ രക്തദാന ക്യാമ്പിന് ലഭിക്കുന്നതിനായി ഇതൊരു മത്സരമായിട്ടാണ് എൻഎസ്എസ് യൂണിറ്റ് സംഘടിപ്പിക്കുന്നത്. കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള എല്ലാ കോളേജുകളിലെയും വിദ്യാർഥികൾക്ക് ഇതിൽ പങ്കെടുക്കാം. ഏറ്റവും കൂടുതൽ രക്തം ദാനം ചെയ്യുന്ന കോളേജിന് ക്യാഷ് പ്രൈസും മെമെന്റോയും നൽകുമെന്ന് എൻഎസ്എസ് പ്രോഗ്രാം കോഡിനേറ്റർ നിതിൻകുട്ടൻ പറഞ്ഞു. നിലവിൽ 8 കോളേജുകൾ ഇതിൽ പങ്കെടുത്തു.

"രക്തദാനത്തിനായി ആദ്യം പങ്കാളിത്തം കുറവായിരുന്നു. ഈ സാഹചര്യത്തിലാണ് മറ്റുള്ളവരെ ആകർഷിക്കുന്നതിനായി ഈ സംരംഭം ഒരു മത്സരമായി വിഭാവനം ചെയ്തത്. എന്നാൽ രക്തദാനം ഒരു മത്സരമല്ലെന്ന് ഞങ്ങൾക്ക് വ്യക്തമായ ബോധ്യമുണ്ട്. കൂടുതൽ ആളുകളുടെ പങ്കാളിത്തത്തിനുവേണ്ടി മാത്രമാണ് ഇതൊരു മത്സരമാക്കി മാറ്റിയത്". പ്രോഗ്രാം കോഡിനേറ്റർ നിതിൻകുട്ടൻ കൂട്ടിച്ചേർത്തു.

"ജീവൻ രക്ഷിക്കുക എന്നതിനാണ് നാം മുൻഗണന നൽകേണ്ടത്. അതു കൊണ്ടുതന്നെയാണ് ഈ സത്കർമ്മത്തിൽ ഞാനും പങ്കുചേർന്നത്. ഇതിൽ ഞാൻ അഭിമാനിക്കുന്നു" എൻഎസ്എസ് പ്രോഗ്രാം കോഡിനേറ്റർ നിതിൻകുട്ടന്റെ ഭാര്യ ഡോക്ടർ സുമി സുരേന്ദ്രൻ പറഞ്ഞു. സുമി സുരേന്ദ്രനെ പോലെ ത്യാഗസന്നദ്ധതരായ പല വ്യക്തികളും ഈ സംരംഭത്തിൽ പങ്കാളികളാകുന്നുണ്ട്. ഇത് മറ്റുള്ളവർക്ക് ഒരു പ്രചോദനമാകുമെന്ന് എൻഎസ്എസ് അംഗങ്ങൾ വിശ്വസിക്കുന്നു.

രക്തം ദാനം ചെയ്യുമ്പോൾ ശാരീരികമായി ചെറിയ ക്ഷീണം ഉണ്ടാവും. എന്നാൽ അതിനല്ല പ്രാധാന്യം. മറിച്ച് ജീവൻ രക്ഷിക്കുന്നതാണ് മുഖ്യമെന്ന്. വിദ്യാർത്ഥിയായ അമൽ പറഞ്ഞു.

# എസ്എസ്എൽസി പരീക്ഷ പൂർത്തിയായി

ചെറുപുഷ്പം പാറക്കൽ

കോവിഡ് ആശങ്കകൾക്കിടയിലും അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് ഹൈസ്കൂളിലെ എസ്എസ്എൽസി പരീക്ഷകൾ പൂർത്തിയായി 128 കുട്ടികളാണ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിരുന്നത്. രോഗം ബാധിച്ചതിനെ തുടർന്ന് ഒരു വിദ്യാർത്ഥിക്ക് പരീക്ഷ അടക്കമുള്ള പ്രതിരോധ സൗകര്യങ്ങൾ ഒരുക്കിയിരുന്നു. കോവിഡ് നിരീക്ഷണത്തിലുണ്ടായിരുന്ന നാലു കുട്ടികൾക്ക് പ്രത്യേക സൗകര്യം ഏർപ്പെടുത്തി. സാനിറ്റൈസർ, മാസ്ക് എന്നിവയുടെ ഉപയോഗങ്ങളിൽ കൃത്യത ഉറപ്പു വരുത്തി. ചോദ്യങ്ങളെ കുറിച്ച് സമ്മിശ്ര പ്രതികരണങ്ങളാണ് വിദ്യാർത്ഥികളുടെ ഭാഗത്തുനിന്നുമുണ്ടായത്. മുഖാമുഖ പഠന രീതിയിൽ നിന്നും വ്യത്യസ്തമായി ഓൺലൈൻ ക്ലാസുകളെ ആശ്രയിച്ചു പരീക്ഷ എഴുതുക എന്നത് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്ന




**കരുതലാണ് മുഖ്യം; പരീക്ഷയും കഴിഞ്ഞു മടങ്ങുമ്പോൾ സഹപാഠിയെ കൈകൾ അണുവിമുക്തമാക്കാൻ ഓർമ്മപ്പെടുത്തുന്ന കൂട്ടുകാരി.**

പൂർത്തിയാക്കാൻ സാധിച്ചില്ല. ഏപ്രിൽ ഏഴിന് ആരംഭിച്ച പരീക്ഷ 29നാണ് പൂർത്തിയായത് നിലവിൽ ഐടി പ്രാക്ടിക്കൽ പരീക്ഷ മാത്രമാണ് നടത്താൻ ഉള്ളത് .

മാർച്ച് 17നു നടത്താൻ നിശ്ചയിച്ചിരുന്ന പരീക്ഷ നിയമസഭ ഇലക്ഷനെ തുടർന്ന് നീട്ടിവെക്കുകയായിരുന്നു. രാജ്യത്ത് കോവിഡ് രണ്ടാം തരംഗം രൂക്ഷമായതിനെത്തുടർന്ന് പല സംസ്ഥാനങ്ങളും പത്താം ക്ലാസ് പരീക്ഷ ഉപേക്ഷിച്ചിരുന്നു. പരീക്ഷ ഉപേക്ഷിച്ചാൽ കുട്ടികൾക്ക് കടുത്ത മാനസിക സംഘർഷം സൃഷ്ടിക്കുമെന്നതുകൊണ്ടാണ് കേരളത്തിൽ നിശ്ചയിച്ച ദിവസങ്ങളിൽ പരീക്ഷ നടത്താൻ തീരുമാനിച്ചത് .

തീവ്ര കോവിഡ് വ്യാപനത്തെ മുന്നിൽകണ്ടുകൊണ്ട് മാനദണ്ഡങ്ങൾ കർശനമായി പാലിച്ചാണ് പരീക്ഷാകേന്ദ്രങ്ങൾ സജ്ജീകരിച്ചത്. കോവിഡ് ബാധിച്ച കുടുംബങ്ങളിൽ നിന്ന് വരുന്ന കുട്ടികൾക്കും പി പി ഇ കിറ്റ്

മാതാപിതാക്കളുടെയും സ്കൂൾ അധികാരികളുടെയും നേതൃത്വത്തിൽ വിദ്യാർഥികളെ പരീക്ഷാകേന്ദ്രങ്ങളിലെത്തിക്കുന്നതിനും കോവിഡ് ഭീഷണി ഇല്ലാതെ പരീക്ഷ എഴുതുന്നതിനുമുള്ള എല്ലാ സൗകര്യങ്ങളും ഒരുക്കി നൽകിയിരുന്നു എന്ന് സേക്രഡ് ഹാർട്ട് ഹൈസ്കൂൾ സ്കൂൾ പ്രിൻസിപ്പൽ ഫാദർ കുര്യാക്കോസ് അറക്കൽ പറഞ്ഞു.

ഓൺലൈൻ സൗകര്യം ഉപയോഗിച്ച് മാത്രം പഠനം നടത്തി പൊതു പരീക്ഷയെ നേരിട്ട കുട്ടികൾക്ക് യാതൊരുവിധ മാനസിക സംഘർഷവും ഉണ്ടാകാത്ത തരത്തിലാണ് വിദ്യാഭ്യാസ വകുപ്പ് ഈ വർഷം ക്രമീകരണങ്ങൾ നടത്തിയത്. കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ നടത്തിയ പഠനവും പരീക്ഷ യും കഴിഞ്ഞതിനുശേഷം ഫലത്തെ കുറിച്ചുള്ള ആശങ്കകൾ വിദ്യാർഥികളും രക്ഷിതാക്കളും പങ്കുവെച്ചു. മുൻ വർഷങ്ങളിലെപ്പോലെ തന്നെ കാര്യമായിരുന്നുവെങ്കിലും ഓരോ വിഷയങ്ങൾ കഴിയുമ്പോഴും ഫലത്തക്കുറിച്ച് നല്ല ശുഭാപ്തിവിശ്വാസമാണ് ഉള്ളത് എന്ന് സേക്രഡ് ഹാർട്ട് ഹൈസ്കൂൾ എസ്എസ്എൽസി പരീക്ഷാർത്ഥി ജോർജ് ജോഷി പറഞ്ഞു.

ചോദ്യപേപ്പർ രൂപകല്പന മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായിരുന്നു കൂടുതൽ ചോദ്യങ്ങളിൽ നിന്നും തിരഞ്ഞെടുത്ത ഉത്തരം എഴു താനുള്ള സൗകര്യം ഉണ്ടായിരുന്നു അതുകൊണ്ട് തന്നെ സമ്മർദ്ദ രഹിതമായി പരീക്ഷയെ നേരിടുന്നതിന് കുട്ടികൾക്ക് സാധിച്ചു. ഈ വർഷത്തെ പഠനരീതികളും പരീക്ഷയും രക്ഷിതാ ക്കൾക്കും ഏറെ ആശങ്കകളുണ്ടാക്കിയ ഒന്നായിരുന്നു യഥാർത്ഥത്തിൽ ഇത്തരം ആശങ്കകൾ ആവശ്യമില്ലാത്തതായിരുന്നുവെന്ന് എസ്എസ്എൽസി പരീക്ഷാർത്ഥി ഹെൻറി ഷാജിയുടെ മാതാവായ ബിന്ദു ഷാജി അഭിപ്രായപ്പെട്ടു.

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: പ്രവീൺ പി. എഫ് |എഡിറ്റർ ഇൻ ചാർജ്: നീതു തങ്കച്ചൻ| സബ് എഡിറ്റേഴ്സ്: ഡെൽന ഡേവിസ്, ക്രിസ്റ്റീൻ ലൂയിസ്, അഭിരാം കെ, ചെറുപുഷ്പം പാറക്കൽ, തോവിത്തോ പോജി |ഫോട്ടോഗ്രാഫേഴ്സ്: ക്രിസ്റ്റീൻ ലൂയിസ്, നീതു തങ്കച്ചൻ, ഡെൽന ഡേവിസ് | ഡിസൈൻ: ജോബിൻ ജേക്കബ്